**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1147** **11-02-2025 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY ) സ്കീമിൽ ഉൾപ്പെടുത്തി നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും കേന്ദ്ര അംഗീകാരത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ? | (എ) | തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനു 200 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ 25.08.2023-ന് ചേർന്ന State Level Approval And Monitoring Committee (SLAMC) യോഗത്തിൽ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി 05.09.2023- ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല.<br><br>എന്നാൽ ഇതേ സമയത്ത് തോട്ടപ്പള്ളി ഹാർബറിന്റെ ഏകദേശം 500 മീറ്റർ തെക്ക് ഭാഗത്തായി ഇറിഗേഷൻ വകുപ്പ് മുഖേന റീബിൽഡ് കേരള ഇനീഷിയേറ്റീവ്(RKI) പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രോയിൻ/Training wall നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയുവാൻ സാധിച്ചു. നിർദ്ദിഷ്ട ഹാർബറിനോട് ചേർന്ന് ഇത്തരത്തിൽ കടലിലേക്ക് ഒരു നിർമ്മിതി ചെയ്യുന്നത് ഭാവിയിൽ ഫിഷിംഗ് ഹാർബറിന് പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുള്ളതിനാൽ, തോട്ടപ്പള്ളി ഹാർബറും, ഇറിഗേഷൻ വകുപ്പ് തോട്ടപ്പള്ളി അഴിമുഖം ഭാഗത്ത് നടത്താൻ നിർമ്മാണ പ്രവർത്തനങ്ങളും കൂടി കണക്കിലെടുത്ത് പുതുക്കിയ മാതൃകാ പഠനം നടത്തുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അറിവോടെ CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് തോട്ടപ്പള്ളി ഹാർബറിന്റെ വികസനത്തിനായുള്ള മാതൃകാ പഠനം സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), പൂനെ ആരംഭിച്ചിട്ടുണ്ട്. CWPRS – ൽ നിന്നും പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ